**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 419** | **08-08-2023 - ൽ മറുപടിയ്ക്ക്**

**മുനിസിപ്പാലിറ്റി കണ്ടിജന്റ് ജീവനക്കാരുടെ നിയമനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ടി. എ. റഹീം | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | മുനിസിപ്പാലിറ്റികളിൽ കണ്ടിജന്റ് ജീവനക്കാരെ നിയമിക്കുന്നതിനുള്ള വ്യവസ്ഥകൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ; | (എ) | 22/04/1982 ലെ ജി.ഒ (എം.എസ്) 14/82/ എൽ.ബി.ആർ ഉത്തരവിലെ വ്യവസ്ഥകൾ പ്രകാരം എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖാന്തിരം ബദൽ കണ്ടിജന്റ് തൊഴിലാളികളെ നിയമിക്കാറുണ്ട്. കണ്ടിജന്റ് ജീവനക്കാരെ നിയമിക്കുന്നതിനുള്ള അധികാരം നഗരസഭാ കൗൺസിലിൽ നിക്ഷിപ്തമാണ്. |
| (ബി) | എംപ്ലോയിമെന്റ് എക്സ്ചേഞ്ച് മുഖേന ഇന്റർവ്യൂവിൽ പങ്കെടുക്കുന്നതിന് ലഭ്യമാക്കുന്ന ലിസ്റ്റിനൊപ്പം ബന്ധപ്പെട്ട മുനിസിപ്പാലിറ്റി ഭരണ നേതൃത്വത്തിന്റെ ഒത്താശയോടെ കോടതിയിൽ നിന്നും വാങ്ങിയ താൽക്കാലിക ഉത്തരവിന്റെ ബലത്തിൽ കണ്ടിജന്റ് ജീവനക്കാരുടെ ഇന്റർവ്യൂവിൽ പങ്കെടുക്കുന്നവർക്ക് നിയമനം ലഭിക്കാൻ അർഹതയുണ്ടോ; | (ബി) | നിലവിലെ നിയമങ്ങൾ/ചട്ടങ്ങൾക്കനുസൃതമായ കോടതി ഉത്തരവുകൾ പാലിക്കാൻ ബന്ധപ്പെട്ട കക്ഷികൾ ബാദ്ധ്യസ്ഥരാണ്. |
| (സി) | കോടതിയിൽ നിന്ന് ലഭ്യമാക്കിയ താൽക്കാലിക ഉത്തരവിന്റെ ബലത്തിൽ ഇന്റർവ്യൂവിൽ പങ്കെടുക്കുകയും മുനിസിപ്പാലിറ്റി ഭരണ നേതൃത്വത്തിന്റെ താൽപര്യപ്രകാരം സ്ഥിരം നിയമനം നേടുകയും ചെയ്യുന്ന പ്രവണത തടയാൻ എന്ത് നടപടിയാണ് സ്വീകരിച്ചുവരുന്നതെന്ന് വിശദമാക്കാമോ; | (സി) | നിലവിലെ നിയമങ്ങൾ/ചട്ടങ്ങൾക്കനുസൃതമായ കോടതി ഉത്തരവുകൾ പാലിക്കാൻ ബന്ധപ്പെട്ട കക്ഷികൾ ബാദ്ധ്യസ്ഥരാണ്. |
| (ഡി) | കണ്ടിജന്റ് ജീവനക്കാരായി നിയമിക്കപ്പെടുന്നവരെ ഭരണസമിതി തീരുമാനപ്രകാരം മുനിസിപ്പാലിറ്റിയിലെ മറ്റേതെങ്കിലും തസ്തികയിലേക്ക് വർക്കിങ് അറേഞ്ച്മെന്റ് വ്യവസ്ഥയിൽ മാറ്റി നിയമിക്കുന്നതിന് വ്യവസ്ഥയുണ്ടോ; വിശദമാക്കാമോ; | (ഡി) | വ്യവസ്ഥയില്ല |
| (ഇ) | കണ്ടിജന്റ് ജീവനക്കാരായി ക്രമരഹിതമായി നിയമിക്കപ്പെടുന്നവർക്ക് നൽകുന്ന വേതനം ബന്ധപ്പെട്ട മുനിസിപ്പാലിറ്റി സെക്രട്ടറിയുടെ ബാധ്യതയിൽ ഉൾപ്പെടുത്തി നടപടികൾ സ്വീകരിക്കാൻ സന്നദ്ധമാവുമോ? | (ഇ) | 22/04/1982 ലെ ജി.ഒ (എം.എസ്) 14/82 എൽ.ബി.ആർ ലെ വ്യവസ്ഥകൾ പ്രകാരം മാത്രമേ കണ്ടിജന്റ് ജീവനക്കാർക്ക് സ്ഥിര നിയമനം നൽകാൻ സാധിക്കുകയുള്ളൂ. |

സെക്ഷൻ ഓഫീസർ